പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 872 08/01/2014- ൽ മറുപടിക്ക്

# അച്ചൻ കോവിൽ ഡാം.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) അച്ചൻകോവിലിലെ നിർദ്ദിഷ്ട ഡാമിന്റെ സംഭരണ പ്രദേശം സംബന്ധിച്ച് ഏതൊക്കെ വകുപ്പുകളാണ് സർവ്വേ നടത്തുന്നതെന്നും ഇത് ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ; | (എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 30 മെഗാവാട്ടിന്റെ അച്ചൻ കോവിൽ ജലവൈദ്യുത പദ്ധതിയുടെ ജലസംഭരണി പ്രദേശങ്ങളിൽ വൈദ്യുതി ബോർഡ് സ്ഥാപിച്ചിട്ടുള്ള സർവ്വേ കല്ലുകൾ കൃത്യമാണോ എന്ന റിയുന്നതിന് വനം വകുപ്പും വൈദ്യുതി ബോർഡും സംയുക്തമായി സർവ്വേ നടത്തണമെന്ന് വനം വകുപ്പ് CCF (SA & NO) നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ചുള്ള സർവ്വേ ജോലികൾ പുരോഗമിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിക്കായുള്ള പാരിസ്ഥിതിക അനുമതിക്കുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ബി) അച്ചൻകോവിൽ ജലവൈദ്യുത പദ്ധതിയ്ക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഒന്നാംഘട്ട പാരിസ്ഥിതിക അനുമതി 16/09/2008 ൽ ലഭിച്ചു. അന്തിമ പാരിസ്ഥിതിക അനുമതിക്കുള്ള അപേക്ഷ 19/09/2011 ൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് കെ.എസ്.ഇ.ബി. സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ ഇപ്പോൾ മന്ത്രാലയത്തിന്റെ പരിഗണന യിലാണ്.<br>പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ വനഭൂമി (119.80 ഹെക്ടർ) വനേതര പ്രവർത്തനങ്ങൾക്ക് വിട്ടു കിട്ടുന്നതിനുള്ള അപേക്ഷ ഇപ്പോൾ സംസ്ഥാന വനം വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ